Mr. A. B. Salem *(Mattancheri):* That is why I ask you the question. The schedules are sanctioned by His Highness and nobody can exceed them without Government sanction. Therefore, even though the Panchayat has actually exceeded the schedule rate in reality, could it be sanctioned.

Mr. T. K. Nayar *(Minister for Rural Development):* I explained the position. If the matter is brought to the notice of the Government and if the Government is satisfied that the extra expenditure could be justified sanction will be accorded. Special sanction of the Government should be taken to exceed the schedule rate.

Mr. A. B. Salem *(Mattancheri):* In this particular case, was the sanction of His Highness obtained?

Mr. T. K. Nayar *(Minister for Rural Development):* I cannot answer that question.

Mr. A. B. Salem *(Mattancheri):* What I am asking is, if the matter has not obtained Government sanction, then could it be that?

Mr. T. K. Nayar *(Minister for Rural Development):* Additional expenditure was sanctioned by Government after going into the question in detail.

Mr. A. V. Moothedan *(Chalakkudi):* With reference to (f)—Have not the Government passed orders that the Alur-Perambra road and the Puthurkavu-Perambra road would be taken up in 1118 (vide L. Dis. 347/16 and Public Health Director's B. 3644/17)—may I know whether before passing these orders, the Kodakara Panchayat was consulted?

Mr. T. K. Nayar *(Minister for Rural Development):* Why should Government consult the Kodakara Panchayat?

Mr. A. V. Moothedan *(Chalakkudi):* Was that Panchayat consulted?

Mr. T. K. Nayar *(Minister for Rural Development):* There is no necessity to consult any Panchayat.

Mr. A. V. Moothedan *(Chalakkudi):* I say that these orders were passed at the instance of the Kodakara Panchayat.

Mr. T. K. Nayar *(Minister for Rural Development):* The Panchayat had no difficulty at all to include that work in their scheme of works. If the Panchayat wanted to include works previously sanctioned by Government, Government did not prohibit them from doing that. But Government gave them the discretion to choose urgent works and if the Panchayat thought that the sanctioned works were more urgent, they were at perfect liberty to include them.

Mr. A. V. Moothedan *(Chalakkudi):* May I know whether they included it.

Mr. T. K. Nayar *(Minister for Rural Development):* I want notice.

Mr. A. V. Moothedan *(Chalakkudi):* If they have included, are they now to reject that?

Mr. T. K. Nayar *(Minister for Rural Development):* They are at perfect liberty to do that. The fact that the Panchayat included one work in one budget does not preclude them from including or excluding them in their future budgets.

Mr. A. V. Moothedan *(Chalakkudi):* Is it consistent with the policy of the Panchayat Department?

Mr. T. K. Nayar *(Minister for Rural Development):* I have answered that question. The remedy lies in sending representative members to the Panchayat.

Mr. A. V. Moothedan *(Chalakkudi):* That we know very well. But we cann't remove you.

Mr. T. K. Nayar *(Minister for Rural Development):* You may very well try.

FIRE-MASTER, ASSISTANT FIRE-MASTERS, MECHANICS, ETC.,—PARTICULARS REGARDING

50. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) ഫയർ മാസ്റ്റർ, അസിസ്റ്റാണ്ടു് ഫയർ മാസ്റ്റർ, മെക്കാനിക്കു് ഡ്രൈവർ ഈ ഉദ്യോഗസ്ഥന്മാർ ഏതേതു ജാതിയിൽപെട്ടവർ;

(ബി) അവർ ഓരോരുത്തരുടേയും പരീക്ഷായോഗ്യതകൾ, പ്രതിമാസ ശമ്പളം, വയസ്സു് ഇവകൾ പറയാമോ;

(സി) ഇവർ ഓരോരുത്തർക്കും ഇതിന്നുമുമ്പു് വല്ല ഗവൺമെണ്ടു സർവ്വീസും ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു ജോലിയായിരുന്നു എന്നും അന്നു് ഇവർ ഓരോരുത്തർക്കും പ്രതിമാസം എന്തു ശമ്പളമുണ്ടായിരുന്നുവെന്നും പറയുമോ;

(ഇ) ഈ ഓരോ ഉദ്യോഗത്തിന്നും മറ്റാരെങ്കിലും അപേക്ഷകരുണ്ടായിരുന്നുവോ; ഉണ്ടായിരുന്നുവെങ്കിൽ അവർ ആരെല്ലാമായിരുന്നുവെന്നും, ഏതേതു സമുദായത്തിൽ പെട്ടവരാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നും, ഓരോരുത്തരുടേയും പരീക്ഷായോഗ്യതകൾ, വയസ്സ് എന്നിവ എന്തായിരുന്നുവെന്നും പറയാമോ?

(എഫ്) മേൽപറഞ്ഞ ഉദ്യോഗങ്ങൾക്ക് അപേക്ഷകൾ ആവശ്യപ്പെട്ട പരസ്യം ചെയ്തിരുന്നുവോ?

രാമവർമ്മതമ്പുരാൻ: (എ), (ബി) ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ഉദ്യോഗത്തിന്റെ പേർ.	ജാതി.	പരീക്ഷായോഗ്യത.	പ്രതിമാസ ശമ്പളം.	വയസ്സ്.
ഫയർ മാസ്റ്റർ, എറണാകുളം	ആംഗ്ലോ ഇന്ത്യൻ	മദ്രാസ്സിൽ പ്രത്യേക അഗ്നിശമന പരിശീലനം കഴിച്ചിട്ടുണ്ട്.	൩൦—൫൦-ൽ ൩൦ ക.	൩൨
അസിസ്റ്റാണ്ട് ഫയർ മാസ്റ്റർ, മട്ടാഞ്ചേരി	നായർ	മദ്രാസ്സിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ഫയർ മാസ്റ്ററുടെ കീഴിൽ പരിശീലനം കഴിച്ചിട്ടുണ്ട്.	൨൦—൩൦-ൽ ൨൦ ക.	൨൩
അസിസ്റ്റാണ്ട് ഫയർ മാസ്റ്റർ, തൃശ്ശിവപേരൂർ	തിയ്യൻ	സ്കൂൾ ഫൈനൽ	൨൫ ക.	൨൫
മെക്കാനിക്ക് ഡ്രൈവർ	റോമൻ സിറിയൻ	മോട്ടോർ ഡ്രൈവരുടെ ലൈസൻസുണ്ട്. മോട്ടോർ വർക്ക്ഷോപ്പുകളിൽ പരിശീലനം കഴിച്ചിട്ടുണ്ട്. മെക്കാനിക്കൽ ഡ്രൈവറായി നിയമിക്കപ്പെടുവാൻ യോഗ്യതയുണ്ടെന്നു മെക്കാനിക്കൽ അസിസ്റ്റാണ്ട് എഞ്ചിനീയർ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ട്.	൧൫ ക.	൨൪

(സി) ഉണ്ട്.

(ഡി) ഫയർ മാസ്റ്റർ ൨൦ ക. ശമ്പളത്തിന്മേൽ ഹെഡ് കോൺസ്റ്റബിളും, മട്ടാഞ്ചേരി അസിസ്റ്റാണ്ട് ഫയർ മാസ്റ്ററും, മെക്കാനിക്ക് ഡ്രൈവരും യഥാക്രമം ൧൫-ം, ൧൪-ം രൂപാ വീതം ശമ്പളത്തിന്മേൽ പോലീസ്സ് കോൺസ്റ്റബിൾമാരും, തൃശ്ശിവപേരൂർ അസിസ്റ്റാണ്ട് ഫയർമാസ്റ്റർ, റവന്യൂ, എഡ്യൂക്കേഷൻ, മുനിസിപ്പൽ എന്നീ വകുപ്പുകളിൽ കുറച്ചുകാലം ഉമസ്ഥാനം ആയിരുന്നു.

(ഇ) ഫയർമാസ്റ്ററുടെ ഉദ്യോഗത്തിനു് അപേക്ഷകന്മാർ ഉണ്ടായിരുന്നില്ല. അസിസ്റ്റാണ്ട് ഫയർമാസ്റ്ററുടേയും, മെക്കാനിക്ക് ഡ്രൈവരുടേയും ഉദ്യോഗങ്ങൾക്കുള്ള അപേക്ഷകന്മാരുടെ വിവരം പട്ടിക താഴെ ചേർക്കുന്നു.

എറണാകുളം അസിസ്റ്റാണ്ട് ഫയർമാസ്റ്ററുടെ ഉദ്യോഗത്തിനുള്ള അപേക്ഷകർ

നമ്പ്	പേർ	ജാതി	പരീക്ഷായോഗ്യതകൾ	വയസ്സ്
൧.	കെ. നാരായണമേനോൻ	നായർ	സ്കൂൾഫൈനൽ	൨൦
൨.	എം. ശ്രീധരമേനോൻ	നായർ	ഇൻറർമീഡിയറ്റ് കോർസ്	൨൪

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശിവപേരൂർ അസിസ്റ്റാണ്ട് ഫയർമാസ്റ്റരുടെ ഉദ്യോഗത്തിനുള്ള അപേക്ഷകർ

ക.	കെ. വി. ശങ്കരകുട്ടി	തീയ്യൻ	സ്കൂൾഫൈനൽ	പാസ്സ്
ഖ.	എ. എം. കുഞ്ഞുവീരാൻ	മുഹമ്മദീയൻ	സ്കൂൾഫൈനൽ കോർസ്	..
ഗ.	വി. അച്യുതൻനായർ	നായർ	സ്കൂൾഫൈനൽ	പാസ്സ്

മെക്കാനിക്ക് ഡ്രൈവരുടെ ഉദ്യോഗത്തിനുള്ള അപേക്ഷകർ

			മോട്ടോർ ഡ്രൈവിങ്ങ്	ലൈസൻസുള്ള
ക.	കെ. നാരായണൻ നായർ	നായർ	ആം	—
ഖ.	ഇ. കുട്ടികൃഷ്ണമേനോൻ	ടി	ടി	—
ഗ.	എം. കൃഷ്ണൻകുട്ടിമേനോൻ	ടി	ടി	പാസ്
ഘ.	ടി. വി. ഇട്ടിമേത്തു	സിറിയൻ ക്രസ്ത്യൻ	ടി	—
ങ.	കെ. ശങ്കരപ്പമേനോൻ	നായർ	ടി	ഫെ
ച.	പി. ജെ. സബാസ്റ്റ്യൻ	ലാറ്റിൻ ക്രസ്ത്യൻ	ടി	—
ഛ.	എസ്സ്. പരമേശ്വരൻ നായർ	നായർ	ടി	—
ജ.	എം. വേലായുധൻ	ഹിന്ദു-കൊല്ലൻ	ടി	പാസ

(എഫ്) മെക്കാനിക്ക് ഡ്രൈവരുടെ ഉദ്യോഗത്തിനു മാത്രം പരസ്യം ചെയ്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഫയർമാസ്റ്റർ മദ്രാസ്സിൽ പ്രത്യേക അഗ്നിശമന പരിശീലനം കഴിച്ചിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ട്. ഈ നിയമനം കഴിഞ്ഞശേഷമാണൊ പരിശീലനം കഴിച്ചിട്ടുള്ളതു?

രാമവർമ്മതമ്പുരാൻ: അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അസിസ്റ്റണ്ട് ഫയർമാസ്റ്റർ മട്ടാഞ്ചേരി, മദ്രാസിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ഫയർമാസ്റ്റരുടെ കീഴിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ആളല്ലേ? അതുപോലെ തൃശ്ശൂരിലുള്ള അസിസ്റ്റണ്ട് ഫയർമാസ്റ്റർ മദ്രാസിൽ പരിശീലനം കഴിച്ചിട്ടുള്ള ഫയർമാസ്റ്റരുടെ കീഴിൽ പരിശീലനം കഴിച്ചിട്ടുണ്ടൊ?

രാമവർമ്മതമ്പുരാൻ: ഉണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മദ്രാസിൽ പരിശീലനം കഴിച്ചിട്ടുള്ള ഫയർമാസ്റ്റരുടെ പരിശീലനത്തിനും, അദ്ദേഹത്തിന്റെ കീഴിൽ മട്ടാഞ്ചേരി അസിസ്റ്റണ്ട് ഫയർമാസ്റ്റരുടെ പരിശീലനത്തിനും ഗവർമ്മെണ്ടിലേക്ക് എന്തു ചിലവു വന്നിട്ടുണ്ട്?

രാമവർമ്മതമ്പുരാൻ: നോട്ടീസ് വേണം. അവരുടെ കയ്യിൽനിന്നും വല്ല യൂഷ്വൽ ഫീസും കൊടുത്തിട്ടുണ്ടായിരിക്കണം.

മിസ്റ്റർ കെ എസ്സ് പണിക്കർ: മെക്കാനിക്കൽ ഡ്രൈവർ ഉദ്യോഗത്തിൽ ചേർന്നതിനുശേഷമല്ലെ അസിസ്റ്റണ്ട് മെക്കാനിക്കൽ ഇഞ്ചിനീയരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതു?

രാമവർമ്മതമ്പുരാൻ: നിയമിച്ചതിനുശേഷമായിരിക്കും സർട്ടിഫിക്കറ്റ് ചോദിച്ചിരിക്കുന്നതു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അയാൾ ഒരു കോൺസ്റ്റബിളായിരുന്നുവെന്നു പറഞ്ഞു. അയാൾക്കു ഗവർമ്മെണ്ടു നിശ്ചയപ്രകാരം കോൺസ്റ്റബിളാകുവാൻവേണ്ട ഉയരവും വണ്ണവും ഉണ്ടോ? അയാൾ എപ്പോഴെങ്കിലും കോൺസ്റ്റബിളായിട്ട ജോലിനോക്കിയിട്ടുണ്ടൊ?

Rama Varmha Tampuran *(Secretary to Government)*: I want notice. He was a constable.

മിസ്റ്റർ കെ. എസ്സ്. പണിക്കർ അയാൾ ഫാർ ശ്രീപാ ശമ്പളത്തിൽ ഒരു കോൺസ്റ്റബിളായിരുന്നുവെന്നു പറഞ്ഞിട്ടുണ്ട്; അയാൾ മിസ്റ്റർ എ. എൽ. ദേവസ്സിയുടെ ഡ്രൈവറായിരുന്നില്ലേ?

രാമവർമ്മതമ്പുരാൻ: നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ക്ര് ശ്രേപാ ശമ്പളത്തിൽ ഇരുന്ന ഒരു കോൺസ്റ്റബിളെ ൫൦ ശ്രേപാ ശമ്പളത്തിൽ വെക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

രാമവമ്മതമ്പുരാൻ: മെക്കാനിക്കൽ ഡ്രൈവക്കുള്ള ശമ്പളം ൫൦ ഉറപ്പിക്കയാണു്. ചെറിയ ശമ്പളമുള്ള ആളായാലും യാതൊരു ശമ്പളവുമില്ലാത്ത ആളായാലും ആ ജോലിചെയ്യുന്നവക്കുള്ള ശമ്പളം ൫൦ ഉറപ്പിക്കയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഫയർ മാസ്റ്ററുടേയും അസിസ്റ്റണ്ടു് ഫയർമാസ്റ്ററുടേയും ഉദ്യോഗത്തിനു് എന്തുകൊണ്ടു് ഗസറ്റിൽ പരസ്യംചെയ്തില്ല?

രാമവമ്മതമ്പുരാൻ: ഈ നിയമനങ്ങൾ നടത്തുന്നതു ഗവമ്മെണ്ടല്ല. ഇതെല്ലാം ടെക്നിക്കൽ അപ്പായിൻറുമെൻറുകളാണു്. ഈ നിയമനങ്ങൾ നടത്തുന്നതു് എ. ആർ. പി. സ്പെഷ്യൽ ഓഫീസറും, കൺട്രോളരുംകൂടി നടത്തുന്നതാണു്. അവർ ജോലിക്കു കഴിവുള്ള ആളുകളെ പരിശോധിച്ചു നിയമിക്കയാണു്. വാളണ്ടിയർമാരായിട്ടും മറ്റും ജോലിക്കു് അനവധി ആളുകളൊന്നും പോകുകയില്ല. പരസ്യംചെയ്താലും ഇങ്ങിനെയുള്ള ജോലികൾക്കു് വാളണ്ടിയർമാരായിരിക്കുവാൻ ആളുണ്ടായിരിക്കയില്ല. അഥവാ അങ്ങിനെ അനവധി പേർ വരികയാണെങ്കിൽതന്നെ അവരെല്ലാവരേയും എടുക്കുവാനും തരമില്ല. ഈ ജോലികളെല്ലാം വളരെ റസ്പോൺസിബിലിറ്റിയുള്ളവയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മെക്കാനിക്കൽ ഡ്രൈവർ ജോലിക്കു മാത്രമേ പരസ്യംചെയ്യുവാൻ ആവശ്യമുണ്ടായിരുന്നുള്ളുവെന്നാണോ പറയുന്നതു്?

രാമവമ്മതമ്പുരാൻ: അതു് അത്ര വളരെ ബുദ്ധിമുട്ടുള്ള ഒരു ജോലിയല്ലല്ലോ. ഡ്രൈവർമാരായിട്ടു പലരുമില്ലേ? മെക്കാനിക്കൽ ഡ്രൈവിംഗിനു് പരസ്യംചെയ്തു് അപേക്ഷകരായിരുന്നവരിൽ നിന്നു് ഒരാളെ തിരഞ്ഞെടുത്തു. അതുപോലെയല്ല ഫയർമാസ്റ്ററുടേയും അസിസ്റ്റൻറു് ഫയർമാസ്റ്ററുടേയും ജോലി. അതു വളരെ അപകടകരമായ പ്രവൃത്തികളിൽ ഏർപ്പെടേണ്ടവയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഡ്രൈവർമാർ ഈ ഉറപ്പിക ശമ്പളത്തിൽ പട്ടാളത്തിലേക്കു പോയിരിക്കുന്നതിനേക്കാൾ ബുദ്ധിമുട്ടുള്ളതാണോ ഫയർമാസ്റ്ററുടേയും അസിസ്റ്റണ്ടു് ഫയർമാസ്റ്ററുടേയും ഏറ്റണാകുളത്തു ചെയ്യേണ്ട ജോലി?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അസിസ്റ്റണ്ടു് ഫയർമാസ്റ്ററുടെ ജോലിയെന്താണു്?

രാമവമ്മതമ്പുരാൻ: ഫയർമാസ്റ്ററുടെ ജോലിതന്നെ. പക്ഷെ അസിസ്റ്റണ്ടു് ആണെന്നമാത്രം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മെക്കാനിക്കു് ഡ്രൈവറുടെ ജോലിക്കു് വു പേർ അപേക്ഷകരുണ്ടായിരുന്നുവെന്നു കാണുന്നുണ്ടു്. അതുപോലെ ഫയർമാസ്റ്ററുടെ ജോലിക്കും ആരെങ്കിലും റിസ്സ്റ്റെടുക്കുവാൻ തയ്യാറുണ്ടോ എന്നു നോക്കേണ്ടിയിരുന്നില്ലേ?

രാമവമ്മതമ്പുരാൻ: അപ്ലിക്കേഷൻ കാൾ ചെയ്തില്ലെങ്കിലും തരക്കേടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മോട്ടോർ ഡ്രൈവിംഗിനു് വു പേരുടെ അപ്ലിക്കേഷനുണ്ടെന്നു കാണിച്ചിട്ടുണ്ടു്. അവക്കു ഡ്രൈവിംഗല്ലാത വേറെയുള്ള ക്വാളിഫിക്കേഷൻ എന്തൊക്കെയാണെന്നു ഗവമ്മെണ്ടിനറിയാമോ?

രാമവമ്മതമ്പുരാൻ: നോട്ടീസു് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സ്വന്തം ചിലവിൽ ഫയർമാസ്റ്റർ പരിശീലനത്തിനു് മദ്രാസിലേക്കു പോകുവാൻ തയ്യാറാണെന്നു് അപേക്ഷയിൽ കാണിച്ചിട്ടുള്ളവരായി ഈ എട്ടുപേരിൽ എത്രപേരുണ്ടായിരുന്നു?

രാമവമ്മതമ്പുരാൻ: സ്വന്തം ചിലവിന്മേൽ പരിശീലനത്തിനു പലരും പോയിട്ടുണ്ടാകും. പോകുന്നവരുമുണ്ടാകും. എന്നാൽ ഇതൊന്നും അങ്ങിനെ നോക്കി ചെയ്യാനുള്ള നിയമനങ്ങളല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സ്വന്തം ചിലവിൽ പരിശീലനത്തിനുപോകാൻ സമ്മതിച്ചിട്ടുള്ള എത്ര അപേക്ഷകരുണ്ടു്?

രാമവമ്മതമ്പുരാൻ: അതിനു കഴിവുള്ളവരുണ്ടായിരിക്കാം. എന്നാൽ അപേക്ഷ വന്നിട്ടുള്ളതായി അറിവില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ എട്ടുപേരും അങ്ങിനെ അപേക്ഷിച്ചിട്ടുള്ളവരായിരുന്നുവെന്നു് എനിക്കറിയാം. ഈ ജോലിക്കു് ക്ര൦൦ ക്ര൮൦ ക്ര൨൦ ശ്രേപാ ശമ്പളമു

LIBRARY ARCHIVES Kerala Legislative Assembly

ള്ളവരെ വെച്ചിട്ടുള്ളതു് സ്വന്തം സേവക്കാരൊ മറെറാ ആയതുകൊണ്ടാണോ? അങ്ങിനെയുള്ളവരെ മാത്രമെവെക്കുവാൻ പാടുള്ളുവെന്നുണ്ടോ?

മിസ്റ്റർ എ. ബി. സേലം: ഫയർമാസ്റ്റരുടെ ജോലിയെന്താണു്?

രാമവമ്മതമ്പുരാൻ: പുരക്കു തീപിടിക്കുമ്പോൾ കെടുത്തുക.

മിസ്റ്റർ എ. ബി. സേലം: തീ കെടുത്താനല്ല, തീ വെക്കാനായിരിക്കുമെന്നു ഞാൻ വിചാരിച്ചു!

മിസ്റ്റർ കെ. എസ്സു്. പണിക്കർ: കോൺസ്റ്റബിൾമാരിൽതന്നെ വളരെക്കാലം ഫയർ എഞ്ചിൻ ഉപയോഗിച്ചു ട്രെയിനിംഗ് കഴിച്ചവരില്ലേ?

രാമവമ്മതമ്പുരാൻ: ഉണ്ടായിരിക്കും. പക്ഷെ ഇവരെ രണ്ടാളെയാണു് സിലക്ടു്ചെയ്തിട്ടുള്ളതു്. ഈ ജോലിക്കു അങ്ങിനെചെയ്യാനെ തരമുള്ളു.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: വേറെ ആളുകളുള്ളപ്പോൾ ഇവരെ മാത്രം എടുക്കുവാനുള്ള പ്രത്യേക കാരണമെന്താണു്?

രാമവമ്മതമ്പുരാൻ: വേറെ ആരെ വെച്ചാലും ഇതല്ലേ ചോദിക്കുകയുള്ളു. അങ്ങിനെനോക്കുമ്പോൾ അതിനൊരവസാനമില്ല.

മിസ്റ്റർ ഇസ്മായിൽഹാജി ഇസാസേട്ട്: സ്റ്റാഫു് സിലക്ഷൻ ബോർഡു് അപ്പോയിൻറുമെൻറാണോ ഇവ?

രാമവമ്മതമ്പുരാൻ: അല്ല.

Deputy President: That question is answered, whether the answer has been satisfactory or not, it has been answered.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇതു ഗവമ്മെണ്ടിനു ആദായമുള്ള കായ്മല്ലേ?

രാമവമ്മതമ്പുരാൻ: അല്ല. എങ്ങിനെയുള്ള ആളായാലും അയാൾ പാഠിച്ചുവന്നുകഴിഞ്ഞാൽ അയാൾക്കു ജോലി കൊടുക്കാൻവേണ്ടിയുള്ള അപ്പായിൻറുമെൻറുകളല്ല അവ. അങ്ങിനെയുള്ള പോസ്റ്റുസുമല്ല. അതു ഞാൻ ഡെഫനിററായിട്ടു അഷ്വർചെയ്യാം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: എ. ആർ പി. ഇൻസ്ട്രക്ടറുസിൻെറ ട്രെയിനിംഗ് നടത്തുന്നതു ഗവമ്മെണ്ടു ചിലവിലല്ലേ?

രാമവമ്മതമ്പുരാൻ: പരീക്ഷ പാസ്സായിട്ടുണ്ടെങ്കിൽ എടുക്കും.

മിസ്റ്റർ എ. ഇമ്മച്ചരമേനോൻ: തൃശ്ശിവപേരൂരിലെ അസിസ്റ്റണ്ടു് ഫയർമാസ്റ്റർ ഒരു തിയ്യനായതുകൊണ്ടാണോ അയാൾക്കു വേറെ കാളിഫിക്കേഷനൊന്നും വേണ്ടെന്നുവെച്ചതു്? (ചിരി).

രാമവമ്മതമ്പുരാൻ: കാളിഫിക്കേഷൻ വേണ്ടെന്നുവെച്ചിട്ടില്ല. ഇപ്പോൾ അവിടെ സ്ട്രംഫെനൽ പാസ്സായ ആൾ മതി.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: തൃശ്ശിവപേരൂർ അസിസ്റ്റണ്ടു് ഫയർമാസ്റ്റുക്കു് ൬൫ ക. ശമ്പളമുണ്ടു്. ബാക്കിയുള്ളവർ ൪൦ മുതൽ ൫൦ വരെയും, ൫൦ മുതൽ ൬൦ വരെയും ഉള്ള ശമ്പളത്തിലുമാണു്. ഇയാൾക്കു മാത്രം ൬൫ ക. കൊടുക്കുന്നതു് ഒരു തിയ്യനായതുകൊണ്ടാണോ?

രാമവമ്മതമ്പുരാൻ: ഡെയിഞ്ചറസിൻെറ കൂടുതൽ കുറവനുസരിച്ചാണു് ശമ്പളം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: തൃശ്ശിവപേരൂർ പട്ടണത്തെ സംബന്ധിച്ചിടത്തോളം മോർ ഡെയിഞ്ചറസു് പ്ലേസാണെന്നു് ദിവാൻജി അവർകളും അഭിപ്രായപ്പെട്ടിട്ടുള്ളതായി ഗവമ്മെണ്ടിനറിയാമോ?

രാമവമ്മതമ്പുരാൻ: അറിയാം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: തൃശ്ശിവപേരൂർ പട്ടണവും എറണാകുളത്തെപ്പോലെ ഡെയിഞ്ചറസു് പ്ലേസല്ലേ?

രാമവമ്മതമ്പുരാൻ: എറണാകുളത്തെപ്പോലെ അതു ഡെയിഞ്ചറസു് തൃശ്ശിവപേരൂരിൽ വരാനിടയില്ല. ഇതൊക്കെ ഓരോരുത്തരുടെ അഭിപ്രായമാണു്. ഗവമ്മെണ്ടിൻെറ അഭിപ്രായംപോലെചെയ്തു. മട്ടാഞ്ചേരിയിലും എറണാകുളത്തും ഉള്ളതുപോലെ എ. ആർ. പി. സ്റ്റാഫു് തൃശ്ശിവപേരൂരിൽ വെച്ചിട്ടില്ല. മട്ടാഞ്ചേരിയും എറണാകുളവും എ. ആർ. പി. ഏരിയ ആയിട്ടു കണക്കാക്കീട്ടുണ്ടു്. അതുപോലെ തൃശ്ശിവപേരൂരിനെ കണക്കാക്കീട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവിടെ സ്റ്റീംഫൈനൽ പാസായ ആളെ വെച്ചിട്ടുണ്ടെന്നു പറയുന്നു. മറ്റുള്ളവർക്ക് ഒരു കപ്പാളിഫിക്കേഷനും പറഞ്ഞിട്ടില്ല. അവർ മദ്രാസിൽ പോയിവന്ന ഒരാളുടെ കീഴിൽ കുറച്ചുകാലം ഇരുന്നുവെന്നുള്ളതു മാത്രമേയുള്ളൂ. എന്നാൽ സ്റ്റീംഫൈനൽ പാസായിട്ടുള്ള അയാൾക്കു കൊടുക്കുന്ന ശമ്പളം 120 രൂ. മാത്രമാണ്. റിസ്ക്ക് എന്നുള്ളതു് എല്ലാ ഫയർമാസ്റ്റർമാർക്കും ഒരുപോലെയല്ലേ; തീയുണ്ടായതുകൊണ്ടാണോ 120 രൂ. അധികമായതു്?

മിസ്റ്റർ ഇസ്മായിൽഹാജി ഈസാ സേട്ട്: അവരോടു് എഗ്രിമെന്റ് വാങ്ങീട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ: ഇല്ല.

ERNAKULAM NORTH AND ERNAKULAM SOUTH—COMPARATIVE STATEMENT OF TRAVELLERS

51. Mr. A. V. Moothedan *(Chalakkudi)*: Will Government be pleased to state.—

(*a*) the number of passengers (First, Second and Third Class) getting down at the Ernakulam (North) Railway Station daily during the first half year of 1942 and also leaving this station by train;

(*b*) the number of passengers travelling from and getting down at the Ernakulam (South) Railway Station during the above period?

Rama Varmha Tampuran *(Secretary to Government)*: A statement is appended showing the figures from April to August which alone are now available. No record is maintained by the S. I. R. Company of the number of passengers who detrain at stations. *(Appendix I)*

PERMITS FOR TRANSPORT OF RICE AND PADDY FROM NEMMARA—PARTICULARS OF

52. മിസ്റ്റർ സി. കെ. നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) 1942 ചിങ്ങമാസത്തിൽ ചിറ്റൂരുനിന്നും നെമ്മാറയിൽനിന്നും നെല്ല്, അരി എന്നിവ പുറത്തേക്കു കൊണ്ടുപോകുവാൻ ആർക്കെല്ലാം പെർമിറ്റ് കൊടുത്തിട്ടുണ്ട്;

(ബി) ഇവരിൽ ഇവിടെ നിലവുള്ളവർ ആരെല്ലാം;

(സി) കച്ചവടക്കാരാരെല്ലാം;

(ഡി) ഈ രണ്ടിലും പെടാത്തവരാരു്?

മിസ്റ്റർ എ. മാധവപ്രഭു: (എ) 1. അങ്കരാത്തു് നാരായണനുണ്ണി മണ്ണാടിനായർ.
2. വെളുത്തുക്കാരൻ അവുസേപ്പു് വാറുണ്ണി.
3. വടക്കുന്നാഥൻ ദേവസ്വം.
4. ലിറിൽ ഫ്ളവർ റൈസ്സ് മിൽ.
5. വി. ബി. വൈദ്യനാഥയ്യർ.
6. എസ്സ്. കെ. വൈദ്യനാഥയ്യർ ആൻഡ് സൺസ്.
7. വലിയമ്മതമ്പുരാൻ കോവിലകം എസ്റ്റേറ്റ്.
8. ചാലിശ്ശേരി ഔസേപ്പു് മാത്തു.
9. വി. കെ. രാമൻമേനോൻ, എം. ആർ. മിൽസ്.
10. മഞ്ഞില ലാസർ ഔസേപ്പു്.
11. എ. പോൾ പെരിഞ്ചേരി.
12. പി. കെ അസ്സൻ മുഹമ്മതു് റാവുത്തർ ആൻഡ് ബ്രദേർസ്.
13. എൻ. കെ. ഗണപതി അയ്യർ.
14. എം. എ. വറീതു്.
15. പി. വെങ്കിടസുബ്ബയ്യർ.
16. മൂക്കൻ ദേവസ്സി കൊച്ചൌസേപ്പു്.
17. കെ. എ. ദേവസ്സി, ആൻഡ് എ. കെ. ജോസപ്പു്.
18. പുളിക്കോടൻ കുഞ്ഞിപ്പാലു ഔസേപ്പു്.
19. പുളിക്കോടൻ ഔസേപ്പു് ഔസേപ്പു്.
20. ഇ. കെ. അഗസ്തീൻ.
21. സി. എ. ഔസേപ്പു്.

LIBRARY ARCHIVES Kerala Legislative Assembly